(ഡി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ ഏജൻസികളുടെ സഹായം തേടിയിട്ടുണ്ടോ ;

(ഇ) സുനാമി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാരിന്റെയും ആവശ്യമെങ്കിൽ വിദേശ ശാസ്ത്രജ്ഞൻമാരുടേയും സഹായത്തോടെ കേരളത്തിലെ അസാധാരണ ഭൗമ പ്രതിഭാസങ്ങളെക്കുറിച്ച് പഠനം നടത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ഉണ്ട്.

(ബി) സെസ്സ് ഇതിനെക്കുറിച്ചുള്ള പഠനങ്ങൾ 2001-2002 കാലഘട്ടത്തിൽ നടത്തുകയും ഭൂമിയിലുണ്ടായ വൻ ഭൂചലനത്തിന്റെ ഫലമായുണ്ടായ ഭൗമ പ്രതിഭാസങ്ങളാണെന്ന് കാണുകയുമുണ്ടായി.

(സി) ഇത്തരം പ്രതിഭാസങ്ങൾ ചില അവസരങ്ങളിൽ ഭൂചലനങ്ങൾക്ക് മുൻപും ശേഷവും ഉണ്ടാകാറുണ്ട്. ആയതിനാൽ ഭൂചലന പ്രവചനത്തിന് ഇത്തരം പ്രതിഭാസങ്ങൾ പ്രയോജനപ്പെടുമെന്നതിന് ആവശ്യമുള്ള പൂർണ്ണ വിവരങ്ങൾ ഇന്നും ശാസ്ത്രസമൂഹത്തിന് ലഭ്യമല്ല. ഇത്തരം പഠനങ്ങൾ കേരളത്തിലും ലോകത്തിലെ മറ്റ് ഭൂചലന പ്രദേശങ്ങളിലും നടക്കുന്നുണ്ട്.

(ഡി) കേന്ദ്ര ഏജൻസികളായ ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ (GSI), നാഷണൽ ജിയോഫിസിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (NGRI) മുതലായ സ്ഥാപനങ്ങൾ ഇത്തരം പഠനങ്ങളിൽ പങ്കെടുക്കുന്നുണ്ട്.

(ഇ) തുടർ പഠനങ്ങളെക്കുറിച്ചും സുനാമി ദുരന്തത്തെക്കുറിച്ചും ദേശീയവും അന്തർദേശീയവുമായി നടക്കുന്ന ചർച്ചകളിൽ സെസ്സിലെ ഗവേഷകർ പങ്കെടുക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലുള്ള പഠനങ്ങൾ തുടരും.

സംസ്ഥാനത്ത് സ്മാർട്ട് സിറ്റികൾ

29 [*176] ശ്രീ. പി. എസ്. സുപാൽ :

„ ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്മാർട്ട് സിറ്റികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് ഇത്തരം സിറ്റികൾ സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സ്മാർട്ട് സിറ്റികൾ സ്ഥാപിക്കുന്നതുകൊണ്ടുള്ള നേട്ടങ്ങൾ വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സിറ്റികൾക്ക് വേണ്ടിയുള്ള എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഗവൺമെന്റ് ഒരുക്കിക്കൊടുക്കേണ്ടത് ;

(ഡി) സ്മാർട്ട് സിറ്റിക്കുവേണ്ടി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയുമായിട്ടാണ് ധാരണാപത്രം ഒപ്പ് വച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) സംസ്ഥാനത്ത് കൊച്ചിയിൽ സ്മാർട്ട് സിറ്റി സ്ഥാപിക്കുന്നതിന് ദുബായ് ഇന്റർനെറ്റ് സിറ്റി സന്നദ്ധത പ്രകടിപ്പിക്കുകയും ഇതിനെക്കുറിച്ച് ദുബായ് ഇന്റർനെറ്റ് സിറ്റിയുമായി ചർച്ച ചെയ്യുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നതതല ഉദ്യോഗസ്ഥ സംഘത്തെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു.

(ബി) ടെക്നോളജി കമ്പനികൾക്ക് അനുയോജ്യമായ ഒരു സംയോജിത ക്യാമ്പസ് സ്ഥാപിക്കുന്നതാണ് പ്രധാനപ്പെട്ട നേട്ടം. കേരളത്തിൽ കൊച്ചിയിൽ സ്മാർട്ട് സിറ്റി സ്ഥാപിക്കുന്നതുകൊണ്ട് കേരളത്തെ ആഗോള നിലവാരത്തിലുള്ള ഒരു ഒന്നാംകിട ഉന്നത സാങ്കേതികവിദ്യാ കേന്ദ്രമാക്കി മാറ്റുന്നതും കൊച്ചിയെ അന്തർദ്ദേശീയ ഐ.ടി./ഐ.ടി.ഇ.എസ്./ബയോടെക്നോളജി വ്യവസായ കേന്ദ്രമാക്കി മാറ്റുവാനാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിട്ടിരിക്കുന്നത്. 75000 പേർക്ക് നേരിട്ടും അതിനോടനുബന്ധിച്ച് കുറെ പേർക്ക് അല്ലാതെയും തൊഴിൽ സാദ്ധ്യതകൾ ഉണ്ടാകും എന്ന് കണക്കാക്കപ്പെടുന്നു. കൂടുതൽ സോഫ്റ്റ്വെയർ കയറ്റുമതിയും അതുമൂലമുണ്ടാകുന്ന സാമ്പത്തിക വളർച്ചയും മറ്റ് നേട്ടങ്ങളാണ്.

(സി) ചർച്ചകളുടെ അടിസ്ഥാനത്തിൽ ദുബായ് ഇന്റർനെറ്റ് സിറ്റി സർക്കാരിൽ നിന്നും ആവശ്യപ്പെട്ടിരിക്കുന്ന അടിസ്ഥാനസൗകര്യങ്ങൾ താഴെപ്പറയുന്നവയാണ്:

(i) 1000 ഏക്കർ ഭൂമി മൊത്തം ആവശ്യമുള്ളതിൽ ഒന്നാം ഘട്ടത്തിൽ 400 ഏക്കർ ഭൂമി ലഭ്യമാക്കുക.

(ii) ആവശ്യമായ വൈദ്യുതി ലഭ്യമാക്കുക.

(iii) നിർദ്ദിഷ്ട സിറ്റിയുടെ അതിർത്തിവരെ ജലം ലഭ്യമാക്കുക.

(iv) അന്താരാഷ്ട്ര നിലവാരമുള്ള അപ്രോച്ച് റോഡ് നിർമ്മിക്കുക.

(ഡി) ധാരണാപത്രം ഇതുവരെ ഒപ്പ് വച്ചിട്ടില്ല. ചർച്ചകൾ നടന്നുവരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly